പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3124 28.01.2014 -ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തന മികവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>" റ്റി.എൻ.പ്രതാപൻ<br>" എം.പി.വിൻസെന്റ്<br>" ഷാഫി പറമ്പിൽ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) പദ്ധതി ചെലവിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവ് ചെയ്ത് പൊതുമരാമത്ത് വകുപ്പ് നേട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ)<br>2013-14 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗങ്ങളിലെ മരാമത്ത് പണികൾക്കായി 262.65 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതുവരെ 770.35 കോടി രൂപ ചെലഴിച്ചിട്ടുണ്ട്. കെട്ടിടവിഭാഗത്തിൽ 4059-01-051-86/ പ്ലാൻ എന്ന ശീർഷകത്തിൽ പദ്ധതി ചെലവിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ ചെലവ് ചെയ്തിട്ടുണ്ട്. |
| ബി) എത്ര ശതമാനം ചെലവ് ചെയ്താണ് ഈ നേട്ടം കൈവരിക്കാനായത്; വിശദാംശങ്ങൾ എന്തെല്ലാം ; | ബി)<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 293%വും കെട്ടിട വിഭാഗത്തിൽ 163.7%വും ചെലവ് ചെയ്തു. |
| സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു ; വിശദമാക്കുമോ? | സി)<br>യഥാസമയം ഭരണാനുമതി സാങ്കേതികാനുമതി എന്നിവ നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. പദ്ധതിതല പ്രവൃത്തികളുടെ അവലോകനം ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും നടത്തുന്നതുവഴി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ